(സി) പ്രസ്തുത ജംഗ്ഷന്റെ വികസനത്തിനായി സമർപ്പിക്കപ്പെട്ടിട്ടുള്ള പ്ലാൻ & എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന നടപടി ഇപ്പോൾ പി.ഡബ്ല്യൂ.ഡി. ചീഫ് എഞ്ചിനീയറുടെ (റോഡ്സ് & ബ്രിഡ്ജസ്) ആഫീസിൽ തീരുമാനമാകാതെയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ജംഗ്ഷന്റെ വികസനത്തിനാവശ്യമായ സ്ഥലം ലഭിക്കുന്ന സാഹചര്യത്തിൽ അടിയന്തരമായി പ്രസ്തുത ജംഗ്ഷൻ വികസനത്തിന് ഭരണാനുമതി നിൽകുമോ ?

ഉത്തരം

(എ) ഫിഷറീസ് വകുപ്പ് സ്ഥലം വിട്ടു തരുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) കിഴക്കേ കടുങ്ങല്ലൂർ ജംഗ്ഷന്റെ വികസനത്തിനായി 12 ലക്ഷം രൂപയുടേയും കാന പുതുക്കി പണിയുന്നതിനായി 13 ലക്ഷം രൂപയുടേയും രണ്ട് എസ്റ്റിമേറ്റുകളിലായി 25 ലക്ഷം രൂപയാണ് കണക്കാക്കിയിട്ടുള്ളത്.

(സി & ഡി) പ്രസ്തുത ജംഗ്ഷൻ വികസനത്തിനായി 25 ലക്ഷം രൂപയുടെ രണ്ട് എസ്റ്റിമേറ്റുകളാണ് തയ്യാറാക്കിയിട്ടുള്ളത്. ആയതിന് പദ്ധതിയേതര വർക്കുകളിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുവാൻ ഡിസ്ട്രിക്ട് ലെവൽ ടാസ്ക് ഫോഴ്സ് കമ്മിറ്റിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

കുന്ദമംഗലം ടൗണിൽ 'സബ്വേ' നിർമ്മിക്കാൻ നടപടി

199 (4553) ശ്രീ. യു. സി. രാമൻ താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം ടൗണിൽ ഗതാഗതക്കുരുക്കു കാരണം സാധാരണ ജനങ്ങൾക്ക് നടക്കാനും റോഡ് മുറിച്ചു കടക്കാനും പ്രയാസം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിന് പരിഹാരമായി കുന്ദമംഗലം ടൗണിൽ "സബ്വേ" നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇവിടെ "സബ്വേ" നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ - സി) സബ്വേ നിർമ്മിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly